(ബി) 2013-14 സാമ്പത്തിക വർഷത്തിൽ ഭാഗ്യക്കുറി നറുക്കെടുപ്പുകളിന്മേലുള്ള നികുതിയിനത്തിൽ 112.2 കോടി രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(സി) 2014 ഏപ്രിൽ 1 മുതൽ നവംബർ 30 വരെ ഭാഗ്യക്കുറി നറുക്കെടുപ്പുകളിന്മേലുള്ള നികുതിയിനത്തിൽ 124.5 കോടി രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

കാരുണ്യ ചികിത്സ ധനസഹായ പദ്ധതി

165 (4156) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ചികിത്സ ധനസഹായ പദ്ധതിയിൽ നിന്നും നാളിതുവരെ എത്ര തുക ധനസഹായമായി വിതരണം ചെയ്തു; ജില്ലാടിസ്ഥാനത്തിൽ കണക്ക് 31-10-2014 -ലേത് പ്രകാരം പ്രസിദ്ധീകരിക്കാമോ ;

(ബി) കാരുണ്യ ഫണ്ടിൽനിന്നും ധനസഹായം ലഭ്യമാക്കുന്ന ആശുപത്രികളുടെ പട്ടികയിൽ പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽനിന്നും ഏതെല്ലാം ആശുപത്രികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കാമോ?

ഉത്തരം

(എ) കാരുണ്യ ചികിത്സ പദ്ധതിയിൽ നിന്നും 31-10-2014 വരെ 523.18 കോടി രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.* ഇതുകൂടാതെ സമാശ്വാസ ചികിത്സാ ധനസഹായമായി 4.57 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ ആധുനിക സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളേയും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളേയും ഡയാലിസിസ് സെന്ററുകളേയും പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.* സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ആധുനിക ചികിത്സാ സൗകര്യങ്ങൾ പദ്ധതി ഗുണഭോക്താക്കൾക്കുകൂടി ലഭ്യമാകണമെന്ന ഉദ്ദേശത്തോടെ പദ്ധതി പാക്കേജുകളും നിരക്കും അംഗീകരിച്ച് ചികിത്സ നൽകുന്നതിനു തയ്യാറായി വരുന്ന കൂടുതൽ സർക്കാരിതര ആശുപത്രികളെ കൂടി ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly